# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ആസ്ഥാനകാര്യാലയം - ജീവനക്കാര്യം - കണ്ണൂർ വനിതാ ജയിലിലെ വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീമതി സവിത കെ യെ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി ഉത്തരവാകുന്നു:-

പരാമർശം : ഈ ഓഫീസിലെ 11.08.2021 ലെ E6-7823/2016/PrHQ നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ. E6-23156/2015/PrHQ; തീയതി : 16-09-2021</u>**

പരാമർശത്തിലെ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലാ ജയിലിലെ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II ജീവനക്കാരിയായ ശ്രീമതി.റ്റി.മണിയ്ക്ക് വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കിയതിനാൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ ഒരു ഒഴിവ് വന്നിരിക്കുന്നു.

വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ തസ്തികയിലെ 01.01.2020 ലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സീനിയറായ ഉദ്യോഗസ്ഥകൾ മാനന്തവാടി ജില്ലാ ജയിലിലെ വനിതാ അസി.പ്രിസൺ ഓഫീസർ ശ്രീമതി മിനി തെക്കേവീട്ടിൽ, കണ്ണൂർ വനിതാ ജയിലിലെ വനിതാ അസി.പ്രിസൺ ഓഫീസർ ശ്രീമതി സിന്ധു ഉന്നക്കണ്ടി എന്നിവരാണ്. എന്നാൽ ടി ഉദ്യോഗസ്ഥകൾക്കെതിരെ അച്ചടക്ക നടപടിയുടെ ഭാഗമായി E2-19842/2018/Prhq നമ്പർ 15.09.2020 തീയതിയിലെ ഉത്തരവിലൂടെ മേജർ പണിഷ്മെൻറ് (ഇവർക്ക് അടുത്ത് ലഭിക്കുവാനുള്ള വാർഷിക വേതന വർദ്ധനവ് ആവർത്തന സ്വഭാവത്തോട് കൂടി ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട്) നൽകികൊണ്ട് ഉത്തരവായിട്ടുണ്ട്. ആയതിനാൽ ഇവർക്ക് നിലവിൽ സ്ഥാനക്കയറ്റം നല്കുവാൻ കഴിയില്ല. ആയതിനാൽ ടി തസ്തികയിൽ അടുത്തതായി സ്ഥാനക്കയറ്റം നേടേണ്ടത് അടുത്ത സീനിയർ ആയ കണ്ണൂർ വനിതാ ജയിലിലെ വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീമതി സവിത കെ യാണ്.

മേൽ സാഹചര്യത്തിൽ കണ്ണൂർ വനിതാ ജയിലിലെ വനിതാ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീമതി സവിത കെ യെ, 41300 – 87000 രൂപ ശംബള സ്കെയിലിൽ വനിതാ അസിസ്റ്റൻറ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി ആലപ്പുഴ ജില്ലാ ജയിലിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് കൊണ്ടും ഡ്യൂട്ടിക്കായി മാവേലിക്കര സ്പെഷ്യൽ സബ് ജയിലിലേയ്ക്ക് അറ്റാച്ച് ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി വിവരമറിയിക്കേണ്ടതാണ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : 1. ശ്രീമതി സവിത കെ (സൂപ്രണ്ട് മുഖാന്തിരം)
2. സൂപ്രണ്ട്, വനിതാ ജയിൽ, കണ്ണൂർ
3. സൂപ്രണ്ട്, ജില്ലാ ജയിൽ ആലപ്പുഴ

പകർപ്പ് : ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ,
എ.ഓ., പിഎ ടു ഡിജിപി, സൂപ്രണ്ട് (എസ്റ്റ്),
സിഎ ടു ഡിജിപി/ഡിഐജി (HQ),

T3 സീറ്റ്, പ്രിസൺസ് വെബ് സൈറ്റ്,
ഫയൽ, കരുതൽ ഫയൽ.